നം.എച്ച്1/37286/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 26.7.2016.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- 2016-17 അദ്ധ്യയന വർഷത്തെ സ്കൂൾ പാർലമെന്റതെരഞ്ഞെടുപ്പ്- സംബന്ധിച്ച്.

സൂചന: 5.11.2007 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/2007 പൊ.വി.

സ്കൂൾ പാർലമെന്റ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചനയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2016-17 അദ്ധ്യയന വർഷത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച തീയതികളും മാർഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

വിശദമായ പട്ടിക ചുവടെ വിവരിക്കുന്നു.

| | | |
|---|---|---|
| 1 | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | 4.08.2016 ഉച്ചകഴിഞ്ഞ് 3 മണി വരെ |
| 2 | നാമനിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | 8.08.2016 ഉച്ചകഴിഞ്ഞ് 3 മണി വരെ |
| 3 | നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതി | 9.08.2016 ഉച്ചകഴിഞ്ഞ് 3 മണി വരെ |
| 4 | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള തീയതി | 10.08.2016 |
| 5 | വോട്ടെടുപ്പ് തീയതിയും, സമയവും | 11.8.2016 രാവിലെ 11 മണിവരെ |
| 6 | വോട്ടെണ്ണൽ സ്ഥലവും ഫലപ്രഖ്യാപന തീയതിയും സമയവും | അതാതു ക്ലാസ്സുകളിൽ 11.8.2016 ഉച്ചയ്ക്ക് 12 മണി |
| 7 | പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തീയതിയും സമയവും | 11.8.2016 ഉച്ചയ്ക്ക് 2.30 മുതൽ |
| 8 | സ്കൂൾ പാർലമെന്റിന്റെ ആദ്യയോഗത്തിന്റെ തീയതി | 16.08.2016 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.നമ്പർ 10046/96 നു മേൽ 8.11.96.ലെ വിധിയുടെയും 1936/96, 1341/97, 262/97 എന്ന റിട്ട് അപ്പീലുകളിന്മേലുള്ള വിധിയുടെയും അടിസ്ഥാനത്തിലായിരിക്കണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സൂചിത ഉത്തരവ് പ്രകാരം തെരഞ്ഞെടുപ്പ് സംബന്ധിച്ച് സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതു കർശനമായി പാലിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. തികച്ചും സമാധാനപരവും രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയും ആയിരിക്കണം സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. കൂടാതെ പ്രസ്തുത തെരഞ്ഞെടുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും ഐക്യവും വളർത്തുവാൻ സഹായകരമായ വിധത്തിലുമായിരിക്കണം.

(മറുപുറം)

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുപ്പ് നടത്തുന്നവിവരം സ്കൂൾ അധികൃതർ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് സർക്കാർ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് നടത്തപ്പെടുന്നതെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കെ.വി.മോഹൻകുമാർ ഐ.എ.എസ്.
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്:-**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ /വെബ്സൈറ്റ് മുഖാന്തിരം).

**പകർപ്പ് -**

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐ.റ്റി @സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)